"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 2024 ഡിസംബർ 3 മുതൽ 5 വരെയുള്ള തീയതികളിൽ സൗദി അറേബ്യയിലെ ജുബൈൽ ഇൻഡസ്ട്രിയൽ സിറ്റിയിൽ വെച്ച് നടന്ന ആറാമത് അന്താരാഷ്ട്ര കോൺഫറൻസിൽ തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനെ പ്രതിനിധീകരിച്ച് പങ്കെടുത്ത ശ്രീ. ടോബി തോമസ് -ന്റെ യാത്രയ്ക്ക് സാധൂകരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.829/2025/LSGD തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:-

1. Royal Commission in Jubail - ൽ നിന്നുള്ള 08.11.2024 തിയതിയിലെ IHXaVm റഫറൻസ് നമ്പർ കത്ത്.
2. തൃശ്ശൂർ കോർപ്പറേഷൻ മേയറുടെ , 25.11.2024 തീയതിയിലെ കത്ത്
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 26.11.2024 തീയതിയിലെ LSGD/PD/35261/2024-EER2 നമ്പർ കത്ത്.
4. കില ഡയറക്ടർ ജനറലിന്റെ 24.01.2025ലെ 2024/10213/HQ നം. കത്ത്.

**ഉത്തരവ്**

യുനസ്കോ അംഗീകരിച്ച ലേണിംഗ് സിറ്റീസ് പദ്ധതിയിൽ ഉൾപെട്ടിട്ടുള്ള തൃശ്ശൂർ കോർപ്പറേഷനെ സൗദി അറേബ്യയിലെ ജുബൈൽ ഇൻഡസ്ട്രിയൽ സിറ്റിയിൽ വെച്ച് നടക്കുന്ന ആറാമത് അന്താരാഷ്ട്ര കോൺഫറൻസിൽ പങ്കെടുക്കുന്നതിന് പരാമർശം (1) പ്രകാരം ക്ഷണിച്ചിരുന്നു. ലേർണിംഗ് സിറ്റി യുടെ പ്രവർത്തങ്ങൾക്ക് നേതൃത്വം കൊടുത്തതിനാലാണ് മുൻ തൃശ്ശൂർ അഡീഷണൽ സെക്രട്ടറി ശ്രീ.ടോബി തോമസിനെ (നിലവിൽ രജിസ്ട്രാർ, കില) ടി കോൺഫറൻസിൽ പങ്കെടുപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് പരാമർശം -(2) പ്രകാരം തൃശ്ശൂർ മേയർ സർക്കാരിലേയ്ക്ക് അറിയിച്ചിരുന്നു. പരാമർശം (3) പ്രകാരം യാത്രയ്ക്ക് അനുമതി നൽകാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ സഹിതം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്താരാഷ്ട്ര കോൺഫറൻസിൽ നാമനിർദേശം ചെയ്ത തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതിനാലും, കൂടാതെ ലേണിംഗ് സിറ്റിയുമായി ബന്ധപ്പെട്ട് എല്ലാ പ്രവർത്തനങ്ങളിലും ടെക്നിക്കൽ സെക്രട്ടറിയേറ്റായ കിലയുടെ സഹായം അനിവാര്യമായതിനാലുമാണ് നിലവിൽ നാമനിർദ്ദേശം ചെയ്തിട്ടുള്ള ശ്രീ ടോബി തോമസ്, രജിസ്ട്രാർ, കില പങ്കെടുത്തതെന്ന് പരാമർശം (4) പ്രകാരം കില ഡയറക്ടർ ജനറൽ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. യുനസ്കോ അംഗീകരിച്ച ലേണിംഗ് സിറ്റീസ് പദ്ധതിയുടെ ഭാഗമായി, 2024- ഡിസംബർ 3 മുതൽ 5 വരെ സൗദിഅറേബ്യയിലെ ജുബൈൽ ഇൻഡസ്ട്രിയൽസിറ്റിയിൽ വെച്ച് നടന്ന ആറാമത് അന്താരാഷ്ട്ര കോൺഫറൻസിൽ തൃശ്ശൂർ കോർപ്പറേഷൻ മുൻ അഡീഷണൽ സെക്രട്ടറി ശ്രീ.ടോബി തോമസ് (നിലവിൽ രജിസ്ട്രാർ,

കില) പങ്കെടുത്ത നടപടിയ്ക്ക് സാധൂകരണം നൽകിയും ആയതിലേക്കുള്ള ചിലവിനത്തിൽ ആവശ്യമായി വന്ന ₹162,200/-(ഒരു ലക്ഷത്തി അറുപത്തിരണ്ടായിരത്തി ഇരുന്നൂറ് രൂപ മാത്രം) തൃശ്ശൂർ കോർപറേഷന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

മേയർ/സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ.ടോബി തോമസ് ,രജിസ്ട്രാർ, കില
ഡയറക്ടർ ജനറൽ ,കില
തദ്ദേശ സ്വയംഭരണ(ഇഎം)വകുപ്പ്,
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 27-03-2025 16:54:11
സെക്ഷൻ ഓഫീസർ